(ബി&സി) അഡ്മിഷനുകളിൽ ക്രമക്കേടുള്ളതായി തെളിയിക്കപ്പെട്ടിട്ടില്ല. അഡ്മിഷനുകൾക്ക് അവലംബിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. കാലാകാലങ്ങളിൽ ഇതു സംബന്ധിക്കുന്ന ഉത്തരവുകൾ ചോദ്യം ചെയ്തുകൊണ്ടുള്ള അനേകം ഹർജികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. അതിൻമേലുണ്ടായ കോടതി വിധിയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി-എഫ്) അനുബന്ധമായി ചേർത്തിരിക്കുന്നു†.

എഞ്ചിനീയറിംഗ് മെഡിക്കൽ പ്രവേശന പരീക്ഷ

103 (2083) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് മെഡിക്കൽ പ്രവേശന പരീക്ഷയുടെ ചോദ്യങ്ങൾ പരീക്ഷാർത്ഥിക്ക് കൊടുത്തുവിടാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പരീക്ഷകളിൽ പരീക്ഷാർത്ഥി ഉത്തരം അടയാളപ്പെടുത്തേണ്ടത് പെൻസിൽ കൊണ്ടാണോ പേന കൊണ്ടാണോ എന്നു വെളിപ്പെടുത്തുമോ ;

(സി) കേന്ദ്രപൂളിലെ മെഡിക്കൽ സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് നടത്തുന്ന പരീക്ഷയിൽ ഉത്തരങ്ങൾ മാർക്കു ചെയ്യേണ്ടത് പെൻസിൽ കൊണ്ടാണോ പേന കൊണ്ടാണോ ;

(ഡി) സംസ്ഥാനത്ത് നടത്തുന്ന പൊതുപ്രവേശന പരീക്ഷയുടെ ഉത്തരങ്ങളും പേനകൊണ്ട് അടയാളപ്പെടുത്താൻ അനുവദിക്കുന്നതിലുള്ള ബുദ്ധിമുട്ടെന്തെന്ന് വിശദീകരിക്കുമോ ;

(ഇ) സംസ്ഥാനത്ത് നടത്തുന്ന പൊതുപ്രവേശന പരീക്ഷയുടെ ഉത്തര കടലാസുകൾ ബന്ധപ്പെട്ട പരീക്ഷാർത്ഥിയെ കാണിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) തുടക്കം മുതൽ അനുവർത്തിച്ചുവന്ന ഒരു നയമാണിത്. ചോദ്യപേപ്പറിന്റെ രഹസ്യസ്വഭാവം നിലനിർത്തുന്നതിനായിരുന്നു. എന്നാൽ 2000 മേയ് മാസത്തിൽ നടത്താനിരിക്കുന്ന പ്രവേശന പരീക്ഷ മുതൽ ചോദ്യപേപ്പർ കൊടുത്തുവിടാനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

(ബി) പെൻസിൽ കൊണ്ട്.

(സി) വിവരം ലഭ്യമല്ല.

(ഡി) വേണ്ടുന്ന യന്ത്രസജ്ജീകരണങ്ങൾ ഇല്ലാത്തതിനാലും പെൻസിലിനേക്കാൾ പേനയാണ് മെച്ചം എന്ന് പരിശോധിച്ചു തെളിയിക്കപ്പെടാത്തത് കാരണവും.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly